**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2945** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സ്വദേശിയായ ആൻസി ഏഞ്ചൽ റോച്ച എന്ന ബാംഗ്ലൂർ നിംഹാൻസ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിക്ക് ഇ-ഗ്രാന്റ് സ്കോളർഷിപ്പ് മൂന്ന്, നാല് വർഷങ്ങളിൽ ലഭിച്ചില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്കോളർഷിപ്പ് നൽകാതിരിക്കാൻ എന്തെങ്കിലും കാരണങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ഇ.സി., ഒ.ബി.സി. (എച്ച്) വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ (സംസ്ഥാനത്തിന് പുറത്ത്) പദ്ധതി പ്രകാരം ബാംഗ്ലൂർ നിഹാൻസ് നഴ്സിംഗ് കോളേജിൽ പഠിക്കുന്ന കുമാരി എഞ്ചൽ റോച്ച എന്ന വിദ്യാർത്ഥിനിയ്ക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്. പഠനകാലയളവിൽ 3, 4 വർഷങ്ങളിലെ വിദ്യാഭ്യാസാനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസിൽ അന്വേഷിച്ചതിൽ നിന്നും അറിയാൻ കഴിഞ്ഞു. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന ശീർഷകത്തിൽ നിലവിൽ തുകയൊന്നും തന്നെ ശേഷിക്കുന്നില്ല. ഈ ഇനത്തിലുള്ള കുടിശ്ശിക കണക്കാക്കി അധിക ധനാനുമതി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. മതിയായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിദ്യാർത്ഥിനിക്കും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മേൽ സൂചിപ്പിച്ച വിദ്യാർത്ഥിയുടെ ഇ-ഗ്രാന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ഇ.സി., ഒ.ബി.സി. (എച്ച്) വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ (സംസ്ഥാനത്തിന് പുറത്ത്) പദ്ധതി പ്രകാരം ബാംഗ്ലൂർ നിഹാൻസ് നഴ്സിംഗ് കോളേജിൽ പഠിക്കുന്ന കുമാരി എഞ്ചൽ റോച്ച എന്ന വിദ്യാർത്ഥിനിയ്ക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്. പഠനകാലയളവിൽ 3, 4 വർഷങ്ങളിലെ വിദ്യാഭ്യാസാനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസിൽ അന്വേഷിച്ചതിൽ നിന്നും അറിയാൻ കഴിഞ്ഞു. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന ശീർഷകത്തിൽ നിലവിൽ തുകയൊന്നും തന്നെ ശേഷിക്കുന്നില്ല. ഈ ഇനത്തിലുള്ള കുടിശ്ശിക കണക്കാക്കി അധിക ധനാനുമതി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. മതിയായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിദ്യാർത്ഥിനിക്കും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ